LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ്, കൊല്ലം ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നതിന് നടപടി

69 [1429] ശ്രീ. തോമസ് ഐസക്:
,, പിരപ്പൻകോട് മുരളി:
,, വി. കെ. സി. മമ്മത്കോയ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് ഏതെങ്കിലും തരത്തിലുള്ള നിരോധനം നിലവിലുണ്ടായിരുന്നോ; ഉണ്ടെങ്കിൽ എന്നു മുതലാണ് നിരോധനം നീക്കം ചെയ്തത്;

(ബി) നിയമന നിരോധനം നീക്കിയതിനുശേഷം സർക്കാർ സ്കൂളുകളിൽ എത്ര അദ്ധ്യാപകർക്കു നിയമനം നൽകി; എയ്ഡഡ് സ്കൂളുകളിൽ എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകി;

(സി) കാസർഗോഡ്, കൊല്ലം ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ ജില്ലകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾക്ക് ചില നിയന്ത്രണങ്ങൾ മാത്രമാണ് നിലവിലുണ്ടായിരുന്നത്. സർക്കാർ സ്കൂളുകളിൽ നിയമനങ്ങൾക്ക് ഉണ്ടായിരുന്ന നിയന്ത്രണം 1-12-2003-ലെ ജി. ഒ. (പി) 34/03/പി.ആന്റ് എ. ആർ. ഡി. എന്ന ഉത്തരവിൻ പ്രകാരം നീക്കം ചെയ്തു. പുതിയ ഡിവിഷൻ വേക്കൻസികളിലും ലീവ് വേക്കൻസികളിലുമൊഴിച്ച് മറ്റു നിയമനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇപ്പോൾ നിലവിലില്ല.

(ബി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ അതിവേഗം പൂർത്തിയായി വരുന്നു. എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവിന് സ്പഷ്ടീകരണം വേണമെന്ന വിദ്യാഭ്യാസ ഓഫീസർമാരുടെ നിലപാടു കാരണം 29-10-2001-നു ശേഷം നടത്തിയ അദ്ധ്യാപകനിയമനങ്ങൾ അംഗീകരിക്കപ്പെടാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുഴുവൻ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.